# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7491** — **14.7.2014-ൽ മറുപടിക്ക്**

**നെന്മാറ മണ്ഡലത്തിലെ പഞ്ചായത്തുകളിലെ മാലിന്യസംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.വി.ചെന്താമരാക്ഷൻ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) | നെന്മാറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളാണ് മാലിന്യ ശേഖരം നടത്തുന്നത് എന്ന് വിശദമാക്കുമോ; | എ) | നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട്, നെന്മാറ, കൊടുവായൂർ, മുതലമട, എലവഞ്ചേരി, പല്ലശ്ശേന, വടവന്നൂർ, പുതുനഗരം എന്നീ ഗ്രാമപഞ്ചായത്തുകളാണ് മാലിന്യ ശേഖരം നടത്തുന്നത്. |
| ബി) | ഇത്തരത്തിൽ ശേഖരിക്കുന്ന മാലിന്യം സംസ്കരിക്കാൻ കഴിയാതെ കുമിഞ്ഞു കൂടി കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ദുർഗന്ധവും പകർച്ചവ്യാധി ഭീഷണിയുമായി ഏതൊക്കെ പഞ്ചായത്തുകളിലാണ് മാലിന്യം കുമിഞ്ഞു കൂടി കിടക്കുന്നത് ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | മാലിന്യകൂനകൾ സംസ്കരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; ഇതിനായി നിലവിൽ എന്തൊക്കെ സംവിധാനമാണ് ഉള്ളത് എന്ന് വിശദമാക്കുമോ ? | സി) | മാലിന്യനിർമ്മാർജ്ജനം ലക്ഷ്യമിട്ടുകൊണ്ട് ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കേന്ദ്രീകൃത പ്ലാന്റുകളിൽ എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനായി വീടുകൾ തോറും വിന്റ്റോ കമ്പോസ്റ്റ് പ്ലാന്റുകൾ, ബയോ ഗ്യാസ് പ്ലാന്റുകൾ, വെർമി കമ്പോസ്റ്റ് പ്ലാന്റുകൾ, എന്നിവയും പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ, റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ തുടങ്ങി വിവിധ തരത്തിലുള്ള ഉറവിട മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ